**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3316** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഞാവിളിൻ കടവ് പാലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തരൂർ-ഒറ്റപ്പാലം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഞാവിളിൻ കടവ് പാലം പദ്ധതി പ്രവൃത്തിക്കായി പൊതുമരാമത്ത് (പാലം) വകുപ്പ് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് elevated structure ആയി നിർമിക്കുന്നതിനുള്ള TGD ലഭ്യമായിട്ടുണ്ട്. ലക്കിടി പേരൂർ 2 വില്ലേജിൽ നിന്നും പെരിങ്ങോട്ടുകുറിശ്ശി വില്ലേജിൽ നിന്നും നിലം പരിവർത്തനത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ഭരണാനുമതി ഉത്തരവ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഒറ്റപ്പാലം, തരൂർ എം.എൽ.എ മാരുടെ നേതൃത്വത്തിൽ നടന്ന യോഗത്തിലെ തീരുമാന പ്രകാരം 11/01/2024 തീയതിയിൽ പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തിയ സംയുക്ത സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച Cost of Acquisition-ൽ പറയുന്ന കണ്ടിജൻസി തുക ഇനത്തിൽ 12,18,216/- രൂപയാണ് വരുന്നത്. പ്രസ്തുത തുകയിൽ 5 ലക്ഷം രൂപ അടിയന്തരമായി ഒടുക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചു. |

സെക്ഷൻ ഓഫീസർ